DESPATCHED
On..17/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No. 1534(5)/22/SIC**

**തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No. 17486/SIC-G7/2022**

**സന്നിഹിത**

**ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി – 03.03.2023**

| | |
|---|---|
| **Dr. Mathews Stephen,**<br>**Nellikkaparambil House,**<br>**Thovarimala P.O,**<br>**Sulthanbathery, Wayanad – 673 592.** | **Appellant** |
| **State Public Information Officer,**<br>**Joint Registrar,**<br>**Kerala University of Health Sciences,**<br>**Medical College P.O, Thrissur – 680 596.**<br><br>**The Appellate Authority,**<br>**Controller of Examinations,**<br>**Kerala University of Health Sciences,**<br>**Medical College P.O, Thrissur – 680 596.** | **Respondents** |

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 01.09.2022 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 07.10.2022 |
| ഒന്നാംഅപ്പീൽ | 14.10.2022 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 04.11.2022 |
| രണ്ടാംഅപ്പീൽ | 19.11.2022 |
| ഹിയറിംഗ്തീയതി | 21.01.2023 |
| എതിർകക്ഷി | ഹാജരായിരുന്നു |
| അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു |

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്.

   a. A copy of the Report prepared by Chief Superintendent and submitted to the higher authorities in connection with the alleged malpractices committed by to Dr. Mathew Stephen (Reg.No. 192190015) in the Orthopedics paper IV( paper code 104154, scheme, 2010) conducted in 26.05.2022 from 9.30 am to 12.30 pm by the Kerala University of Health Sciences at Amala Institute of Medical Sciences, Thrissur.

   b. A copy of the entire files and other proceedings relating to the Malpractices and Lapses Enquiry Committee (M&LEC) with in relation to 133rd (M&LEC) with rtespect to Dr. Mathew Stephen who appeared for Orthopedics Paper IV conducted on 26.05.2022 from 9.30 Am to 12.30 PM by the Kerala University of Health Sciences at Amala Institute of Medical Sciences, Thrissur തുടങ്ങിയ വിവരങ്ങളാണ്.

2. 4 ചോദ്യങ്ങളിലൂടെ ആവശ്യപ്പെട്ട വിവരാവകാശ അപേക്ഷയിൻമേൽ 1,2,3 ചോദ്യങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ രഹസ്യാത്മക സ്വഭാവമുള്ള വിവരങ്ങളിൽ ഉൾപ്പെടുന്നവയാണെന്നും ആയതുകൊണ്ട് വിവരം നൽകുവാൻ നിർവ്വാഹമില്ലായെന്നും 4-ാമത്തെ ചോദ്യത്തിലൂടെ ആവശ്യപ്പെട്ട 133 -ാമത് എം&എൽ.ഇ.സിയുടെ റിപ്പോർട്ടിന്റെ പകർപ്പിന് 9/- രൂപ ഒടുക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു കൊണ്ടുള്ള മറുപടിയാണ് എസ്.പി.ഐ.ഒ നൽകിയിട്ടുള്ളത്.

3. തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ ഒന്നാം അപ്പീൽ അധികാരി എസ്.പി.ഐ.ഒയുടെ നടപടി ശരിവയ്ക്കുന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വിവരം ലഭിക്കാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിക്കുകയും 21.01.2013 ൽ നടന്ന ഹിയറിംഗിൽ അപ്പീൽ ഹർജിക്കാരനും എസ്.പി.ഐ. ഒയും പങ്കെടുത്ത് മൊഴി നൽകുകയുണ്ടായി. വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ നൽകിയ മറുപടിയിൽ അറിയിച്ചിട്ടുള്ളത് 1,2,3 ചോദ്യങ്ങളിൽ ആവശ്യപ്പെട്ട എം&എൽ.ഇ.സി മിനിറ്റ്സ്/ രെജിസ്റ്റേർസ് ഫയൽസ് തുടങ്ങിയവ കോൺഫിഡൻഷ്യൽ ഐറ്റംസ് എന്ന ലിസ്റ്റിൽ ഉൾപ്പെടുന്നതിനാൽ നൽകുവാൻ കഴിയില്ല എന്നാണ്. വിവരാവകാശ നിയമം വകുപ്പ് 8,9 എന്നിവ പ്രകാരമല്ല വിവരം നിഷേധിച്ചിട്ടുള്ളത്. അപ്പീൽ അധികാരിയുടെ മറുപടിയിൽ 1,2,3 എന്ന കോൺഫിഡൻഷ്യൽ ഐറ്റംസിൽപ്പെട്ടതാണെന്നും, മാത്രവുമല്ല അതിനുള്ളിൽ എം&എൽ.ഇ.സിയുടെ മുമ്പിൽ ഹാജരായിട്ടുള്ള വിദ്യാർത്ഥികളുടെ വ്യക്തിപരമായ വിവരങ്ങൾ ഉണ്ടെന്നും പ്രസ്തുത വിഷയം യൂണിവേഴ്സിറ്റിയുടെ

fiduciary capacity യും confidential nature നെയും ബാധിക്കുമെന്നും അതിനാൽ വെളിപ്പെടുത്തുവാൻ കഴിയില്ലെന്നും അതിനാൽ വിവരാവകാശ നിയമം വകുപ്പ് 8(1)(ജെ) പ്രകാരം നിക്ഷേധിക്കുന്നുവെന്നുമാണ്.

4. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം രഹസ്യാത്മക സ്വഭാവമുള്ളതായതിനാൽ വിവരം നൽകാൻ കഴിയില്ലായെന്നും യൂണിവേഴ്സിറ്റിയിലെ ഗവേർണിംഗ് കൗൺസിൽ ഇറക്കിയ 2020 ലെ ഉത്തരവിൻ പ്രകാരമാണ് വിവരം നിക്ഷേധിച്ചതെന്നും 04.06.2020 ലെ ബോർഡ് പരീക്ഷയുടെ 26-ാം മിറ്റിംഗിലെ അജണ്ട നമ്പർ 26.06 പ്രകാരം രഹസ്യ ഇനങ്ങളായി കണക്കാക്കുന്നവയുമായി ബന്ധപ്പെട്ട് ചില വിഷയങ്ങൾ പരിഗണിച്ചുവെന്നും പ്രസ്തുത നിർദ്ദേശം പരീക്ഷാ ബോർഡ് അംഗീകരിക്കുകയും രഹസ്യ ഇനങ്ങളുടെ പട്ടിക തയ്യാറായിട്ടുള്ളതായും എം & എൽ.ഇ.സി മുമ്പായി ഹാജരായ വിവിധ എക്സാമിനർമാർ റിപ്പോർട്ട് ചെയ്ത പ്രകാരം malpractice ൽ ഏർപ്പെട്ടതായി കരുതപ്പെടുന്ന മറ്റ് വിദ്യാർത്ഥികളുടെ വിശദാംശങ്ങളും എം.എൽ.ഇ.സി മിനിറ്റ്സ് രജിസ്റ്ററിൽ ഉൾപ്പെടുന്നുണ്ടെന്നും ആയതുകൊണ്ട് ടിയാന് വിവരങ്ങൾ നൽകാൻ കഴിയില്ലായെന്നും 2022 മേയ് മാസം നടന്ന പരീക്ഷയിൽ malpractice നടത്തിയിട്ടുള്ളതുമായി ബന്ധപ്പെട്ട വിഷയമാണെന്നും malpractice നടത്തിയിട്ടുള്ളത് അംഗീകരിച്ചു കൊണ്ട് എം& എൽ.ഇ.സി മുമ്പാകെ അപ്പീൽ ഹൽജിക്കാരൻ എഴുതിയ അപ്പോളജി രക്ഷകർത്താവ് കൂടി അംഗീകരിച്ച് നൽകിയിട്ടുള്ളതായും എസ്.പി.ഐ.ഒ കമ്മീഷനെ ബോധിപ്പിച്ചു.

5. അപ്പീൽഹർജിക്കാരൻ കമ്മീഷനെ ബോധിപ്പിച്ചത്, അപേക്ഷയിലെ 1 മുതൽ 3 വരെയുള്ള വിവരങ്ങൾ രഹസ്യ സ്വഭാവമുള്ളവയാണെന്നതിനാൽ വിവരം നിക്ഷേധിച്ചുവെന്നും വിവരാവകാശ നിയമം 8, 9 വകുപ്പുകളിൽ ഉൾപ്പെടുത്തിയിട്ടല്ല വിവരം നിക്ഷേധിച്ചതെന്നും എം.&എൽ.ഇ.സി നടത്തിയ റിപ്പോർട്ടിന്റെ പകർപ്പ് കാണിച്ചിരുന്നില്ലായെന്നും മൂന്ന് എക്സാമുകൾ കഴിഞ്ഞ് 4-ാമത്തതും അവസാനത്തേതുമായ എക്സാമിന്റെ അവസാന 15 മിനിറ്റിൽ ആണ് അപേക്ഷയ്ക്ക് ആസ്പദമായ വിഷയം ഉണ്ടായിട്ടുള്ളതെന്നും ഓർത്തോപീഡിക്സിൽ അനാട്ടമിക്കൽ ലാന്റ് മാർക്കിംഗ്സ് മാർക്ക് ചെയ്ത് പഠിക്കുന്ന ശീലം ഉണ്ടായിരുന്നുവെന്നും അത് സബ്ജക്ടിന് വേണ്ട ഘടകം കൂടിയാണെന്നും ഇതിനെല്ലാം വേണ്ട തെളിവുകൾ ടിയാന്റെ പക്കൽ ഉണ്ടായിരുന്നുവെന്നും അതെല്ലാം എൻക്വയറി കമ്മിറ്റിയ്ക്ക് മുന്നിൽ കാണിച്ചിരുന്നുവെന്നുംമറ്റുമാണ്.

6. എസ്.പി.ഐ.ഒയുടെ മൊഴിയിൽ, 5 പേരാണ് malpractice നടത്തിയിട്ടുള്ളതെന്ന് കമ്മിറ്റി കണ്ടെത്തിയിട്ടുള്ളതെന്നും പ്രസ്തുത 5 പേരുടെ വിവരങ്ങൾ കൂടി അതിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാലാണ് വിവരം നൽകാതിരുന്നത് എന്നാണ് കാണുന്നത്. പ്രസ്തുത മൊഴിയിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനും കമ്മീഷന് ഉചിതമായ തീരുമാനം എടുക്കുന്നതിനും വേണ്ടി ബന്ധപ്പെട്ട ഫയൽ സീൽഡ് കവറിൽ കമ്മീഷൻ മുമ്പാകെ 27.01.2022 തീയതി ഹാജരാക്കാൻ എസ്.പി.ഐ.ഒയ്ക്ക് വാക്കാൽ നിർദ്ദേശം നൽകുകയുണ്ടായി. പ്രസ്തുത നിർദ്ദേശ പ്രകാരം അന്നേദിവസം കമ്മീഷൻ ആസ്ഥാനത്ത് ഹാജരായ എസ്.പി.

ഐ.ഒ ഹാജാരാക്കിയ ഡോക്യൂമെന്റ് കമ്മീഷൻ വിശദമായി പരിശോധിക്കുകയും ഒപ്പം ഹാജരാക്കിയ സി.ഡിയും പരിശോധിക്കുകയുണ്ടായി. മാത്രവുമല്ല അപ്പീൽ ഹർജിക്കാരൻ കുറ്റസമ്മതം എഴുതി നൽകിയ രേഖയിൽ ടിയാന്റെ അച്ഛൻ ഒപ്പിട്ട് സമർപ്പിച്ചിട്ടുമുണ്ട്. എന്നാൽ മാപ്പപേക്ഷ എഴുതി നൽകിയതായി ആദ്യം ഹർജിക്കാരൻ വിസമ്മതിക്കുകയായിരുന്നു. പ്രസ്തുത മാപ്പപേക്ഷയിൽ, 2 കൊല്ലം റിപ്പീറ്റ് ചെയ്താണ് പി.ജി അഡ്മിഷൻ എടുത്തതെന്നും യൂണിവേഴ്സിറ്റി എക്സാം വന്നപ്പോൾ എഴുതിയ ആദ്യ മൂന്ന് പേപ്പറുകളും നന്നായി തന്നെ പോയിയെന്നും എന്നാൽ 4-ാമത്തെ പേപ്പർ ആയപ്പോൾ കംപ്ലീറ്റിലി സ്ട്രസ്ഡ് ഔട്ട് ആയതു മൂലമുണ്ടായ ഒരു ശ്രദ്ധകുറവ് ആണ് വിനയായതെന്നും ഓർത്തോപീഡിക്സിൽ ൽ അനാട്ടമിക്കൽ ലാന്റ് മാർക്കിംഗ്സ് മാർക്ക് ചെയ്ത് പഠിക്കുന്ന ശീലം ഉണ്ടായിരുന്നുവെന്നും അത് സബ്ജക്ടിൽ വേണ്ട ഘടകം കൂടി ആണെന്നും അതുപോലെ അവസാനം നോക്കണ്ട ടോപ്പിക്കും അതിന്റെ പേജ് നമ്പർ പോലും ഫോട്ടോയിൽ മനസ്സിലാകുമായിരുന്നുവെന്നും അവസാന പേപ്പർ ആയതിനാൽ തന്നെ പഠിച്ച് തീരാത്തതിനാൽ രാവിലെ ഒന്നു കുളിക്കുകപോലും ചെയ്യാതെ എക്സാമിന് പോകേണ്ടി വന്നതിനാലാണ് ആ മാർക്കിംഗ്സും നോക്കേണ്ടിയിരുന്ന ടോപ്പിക്സും കൈയ്യിൽ അല്പം മാത്രം ഉണ്ടായിരുന്നതെന്നും ഇൻവിജിലേറ്റർ ഇതേപറ്റി പറഞ്ഞപ്പോൾ മാത്രമാണ് ടിയാനും ആയത് ശ്രദ്ധിക്കുന്നതെന്നുമാണ്. ഇതിൽ നിന്നും മനസ്സിലാകുന്നത് കമ്മിറ്റി റിപ്പോർട്ടിൽ ആരോപിക്കുന്നതു പോലെയുള്ള നടപടി ഹർജിക്കാരന്റെ ഭാഗത്തു നിന്നും ഉണ്ടായി എന്നുള്ളതാണ്. ഡി.സി ദൃശ്യങ്ങൾ പരിശോധിച്ചതിൽ അനോട്ടമിക്കൽ ലാന്റ് മാർക്കിംഗ്സ് രേഖപ്പെടുത്തിയിട്ടുള്ള ഭാഗങ്ങൾ തുടച്ചുമാറ്റുന്നതായും കാണുന്നുന്നുണ്ട്. വ്യക്തമായ തെളിവാണ് ടിയാനെതിരെ എൻക്വയറി കമ്മിറ്റി ആരോപിക്കുന്നത്.

7. വസ്തുതകൾ മൊത്തത്തിൽ വിലയിരുത്തുമ്പോൾ, ടിയാന്റെ ഭാഗത്തു നിന്നും വിഴ്ച വന്നിട്ടുള്ളതായി കമ്മീഷൻ നിരീക്ഷിക്കുന്നു. എന്നിരുന്നാലും സി.ഡി ദൃശ്യങ്ങളിൽ നിന്നും മനസ്സിലാകുന്നത് അനോട്ടമിക്കൽ ലാന്റ് മാർക്കിംഗ്സ് രേഖപ്പെടുത്തിയിരുന്നുവെങ്കിലും ആയതിൽ ഒരു പ്രവശ്യംപോലും നോക്കിയതായി കാണുന്നില്ല. പിടിക്കപ്പെട്ടതിന് ശേഷം ഷൂ, സ്വാക്സ് എന്നിവ മാറ്റി തുടച്ചതായും കാണുന്നു. ടിയാളുടെ കൈയ്യിലും കാലിന്റെ ankle ലും പേന കൊണ്ട് ചില നോട്ടുകൾ കുറിച്ചിട്ടുണ്ട് എന്നതാണ് കണ്ടെത്തിയിരിക്കുന്ന കുറ്റം.

8. 2010 മുതൽ കുഹാസ് ആരംഭിച്ചതു മുതൽ ഉള്ള ഒരു വിദ്യാർത്ഥിയാണ് ശ്രീ. മാത്യൂ സ്റ്റീഫൺ. എം.ബി.ബി.എസ് മുതൽ ഒരു ക്ലാസിലും പരാജയപ്പെട്ടിട്ടില്ലായെന്നും പറയുന്നു. ഓർത്തോപീഡിക്സ് പി.ജി ഡിഗ്രി 4-ാം പേപ്പറിന്റെ അവസാന 15 മിനിറ്റുള്ളപ്പോഴാണ് പിടിക്കപ്പെട്ടത്. അന്നത്തേത് essay question ആയിരുന്നതായും പറയുന്നു. ഇക്കാര്യങ്ങളൊന്നും തന്നെ malpractice നടത്തിയതിനുള്ള ന്യായീകരണമല്ലെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. എന്നാൽ ഇതിൽ ഒരു ഒരു മാനുഷിക പരിഗണന ഹർജിക്കാരൻ അർഹിക്കുന്നതായി കമ്മീഷൻ വിലയിരുത്തുന്നു. ടിയാൻ ആവശ്യപ്പെട്ട വിവരം രഹസ്യ സ്വഭാവമുള്ളതാണെങ്കിലും വിവരാവകാശ നിയമം വകുപ്പ് 8 ന്റെ പരിധിയിൽ വരുന്നതല്ല. ടിയാനു

മായി ബന്ധപ്പെട്ട വിവരം ആയതിനാൽ ഒരു സീനിയർ ഓർത്തോപീഡിക് സർജന്റെ സേവനം പ്രയോജനപ്പെടുത്തി സി.ഡി ഉൾപ്പെടെ വിശദമായി പരിശോധിച്ച് അപ്പീൽ ഹർജിക്കാരന് ലഭ്യമാക്കാവുന്ന വിവരമാണോ എന്ന് തീരുമാനം എടുത്ത് ഇതിൻമേൽ നടപടി സ്വീകരിക്കാൻ എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. പ്രസ്തുത പരിശോധനയിൽ ടിയാളുടെ പ്രശ്നം ഗുരുതരമല്ലെങ്കിൽ ടിയാളുടെ ഉത്തരക്കടലാസുകൾ പരിശോധിക്കുവാൻ സാധിക്കുമോ എന്ന കാര്യം കൂടി പരിഗണിക്കേണ്ടതാണ്.

9. ഇപ്രകാരം ഈ അപ്പീൽ ഹർജി തിർപ്പാക്കി **ഇന്നേ ദിവസം 2023 മാർച്ച് മാസം 3-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു**

(ഒപ്പ്)
ശ്രീലത. പി. ആർ.
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി